**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 201** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ആര്യാടൻ ഷൗക്കത്ത്

ശ്രീ. സുധീർഷാ പാലോട്

ശ്രീ. എം. ആർ. ബൈജു

ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ ആശുപത്രികളിലെ എല്ലാ ഒ.പി കളിലും കുടിവെള്ളം ലഭിക്കുന്നതിനായി വാട്ടർ കിയോസ്കുകൾ സ്ഥാപിച്ചു. ആശുപത്രിയും പരിസരവും വൃത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിടപ്പു രോഗികൾക്ക് സൗകര്യപ്രദമാകുന്ന രീതിയിൽ രക്ത പരിശോധന സാമ്പിളുകൾ വാർഡുകളിൽ നിന്നും ജീവനക്കാർ ശേഖരിച്ച് റിസൾട്ടുകൾ വാർഡുകളിൽ തന്നെ ലഭ്യമാക്കാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. കൂടാതെ അത്യാഹിതവിഭാഗത്തിന്റെ ഒബ്സർവേഷൻ വിഭാഗത്തിൽ ചികിത്സ നേടിക്കൊണ്ടിരിക്കുന്ന രോഗികളെ എല്ലാ മണിക്കൂറുകളിലും സൂപ്പർ സ്പെഷ്യലിറ്റി വിഭാഗങ്ങളായ നെഫ്രോളജി, ന്യൂറോസർജറി, പൾമണോളജി, ഉദരരോഗം, പ്ലാസ്റ്റിക് സർജറി വിഭാഗങ്ങളുടെയും സ്ട്രോക്ക് സംബന്ധമായ ചികിത്സ തേടുന്ന രോഗികൾക്കായി ന്യൂറോളജി വിഭാഗത്തിന്റെ കീഴിൽ സമഗ്ര പക്ഷാഘാത ചികിത്സയും Mechanical Thrombectomy കാർഡിയോളജി, ചികിത്സയും ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. രോഗീ ബാഹുല്യം പരിഗണിച്ച് മന്ദഗതിയിൽ നടത്തിക്കൊണ്ടിരിക്കുന്ന സർജിക്കൽ ബ്ലോക്ക് 100 രോഗികൾക്കുള്ള പുതിയ വാർഡ് കെട്ടിടം, പുതിയ എം.ആർ.ഐ സ്ഥാപിക്കൽ, ക്യാൻസർ ചികിത്സക്കായി നൂതന പെറ്റ് സിറ്റി സ്കാൻ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുത ഗതിയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത്യാധുനിക ക്യാൻസർ ചികിത്സ രീതിയായ ഹൈഡോസ് റേഡിയോ തെറാപ്പി സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങളും ത്വരിതഗതിയിൽ ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളുടെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തി "ജനസൗഹാർദ്ദ സർക്കാർ ആശുപത്രികൾ എന്ന ലക്ഷ്യത്തോടെ ഓരോ ജില്ലകളിലും ഒരു ജില്ലാതല ആശുപത്രിയും ഓരോ താലൂക്കുകളിൽ ഒരു താലൂക്ക് ആശുപത്രിയും ബ്ലോക്ക് പഞ്ചായത്തുകളിൽ ഒരു ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രവും ഓരോ ഗ്രാമപഞ്ചായത്തുകളിൽ ഒരു കുടുംബാരോഗ്യ കേന്ദ്രവും വേണമെന്ന് നിഷ്കർഷിച്ച് Standardization Guidelines പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി സാമൂഹികാരോഗ്യകേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും പരിവർത്തനം ചെയ്യുകയുണ്ടായി. ആരോഗ്യ

സ്ഥാപനങ്ങളിലെ ഒ പി വിഭാഗം കൂടുതൽ രോഗി സൗഹൃദമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 17 ജില്ലാ / ജനറൽ ജില്ലാ ആശുപത്രികളെയും 43 താലൂക്ക് ആശുപത്രികളെയും ഒ പി പരിവർത്തനത്തിനായി തെരഞ്ഞെടുക്കുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരികയും ചെയ്യുന്നു. Infectious disease infrastructure ന്റെ ഭാഗമായി കോവിഡ്, നിപ്പ തുടങ്ങിയ സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിനായി 88 സ്ഥാപനങ്ങളിൽ Isolation Ward നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തു. പൊതുജനങ്ങൾക്ക് സേവനം ലഭിക്കുന്നതിനായി ഏറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന സബ് സെന്ററുകളെ ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നു.ഇതിനായി വിവിധതരം ഫണ്ട് ഉപയോഗിച്ച് ആരോഗ്യസ്ഥാപനങ്ങളിൽ അടിസ്ഥാനസൗകര്യം വർദ്ധിപ്പിച്ച് വരുകയും ആരോഗ്യ സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി തസ്തികകൾ സൃഷ്ടിച്ചു വരികയും ചെയ്യുന്നു.

സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ആറായിരത്തോളം രോഗികളാണ് ദിനംപ്രതി ചികിത്സ തേടി വരുന്നത്. ശരാശരി ആയിരത്തോളം രോഗികൾ ദിനംപ്രതി അത്യാഹിത വിഭാഗത്തിലും വരുന്നുണ്ട്. രണ്ടായിരത്തോളം വരുന്ന ഗുരുതര സ്വഭാവത്തിലുള്ള രോഗികളെ കിടത്തി ചികിത്സയും നൽകുന്നുണ്ട്. ഇതിൽ തന്നെ അതീവ ഗുരുതരമായ മുന്നൂറോളം രോഗികൾക്ക് വിവിധ ഐസിയുകളിലായി തീവ്ര ചികിത്സ, നൽകുന്നുണ്ട്. പ്രതിദിനം ഈ രോഗികൾക്കു പുറമേ മുപ്പതോളം രോഗികളെ വെന്റിലേറ്റർ ചികിത്സ സഹായത്തിനായി വിവിധ സ്വകാര്യ ആശുപത്രികളിൽ നിന്നും കൊണ്ടു വരുന്നുണ്ട്. മുൻ വർഷങ്ങളെ അപേക്ഷിച്ച് ചികിത്സ തേടി എത്തുന്ന രോഗികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങളുടെ എണ്ണം വർദ്ധിച്ചതും സ്വകാര്യ മേഖലയിൽ ഉള്ള ആശുപത്രികളിൽ വളരെയധികം ചിലവ് കൂടിയ ചികിത്സയും, സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ നൂതന സജ്ജീകരണങ്ങൾ വളരെ ചെലവ് കുറഞ്ഞ രീതിയിൽ ഏർപ്പെടുത്തിയതുമാണ് സമീപ ജില്ലകളിൽ നിന്നു പോലും രോഗികളെ ഈ ആശുപത്രികളിലേക്ക് ആകർഷിക്കുന്നത് ഇത്തരത്തിൽ രോഗികളുടെ എണ്ണം വർദ്ധിച്ചതു കാരണം ആശുപത്രിയിലെ നിലവിലെ സൗകര്യങ്ങളിൽ കൈകാര്യം ചെയ്യാൻ പറ്റുന്നതിലും ഇരട്ടിയിലധികം രോഗികളാണ് ചികിത്സ തേടി എത്തുന്നത്. എന്നിരുന്നാലും ലഭ്യമായ സൗകര്യങ്ങൾ ഉപയോഗിച്ച് ഏറ്റവും മികച്ച ചികിത്സയാണ് രോഗികൾക്കു നൽകുന്നത്

**(ബി)** സർക്കാർ ആശുപത്രികളിൽ ആധുനിക രോഗനിർണ്ണയത്തിനും ചികിത്സക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** സർക്കാർ ആശുപത്രികളിൽ ആധുനിക രോഗനിർണ്ണയത്തിനും ചികിത്സക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. ആധുനിക രോഗ നിർണ്ണയ സൗകര്യങ്ങൾക്കും ചികിത്സയ്ക്കും വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ജില്ലാ ജനറൽ/താലൂക്ക് ആശുപത്രികളിൽ ജനസൗഹാർദ്ദ അന്തരീക്ഷം, ഒ പി നവീകരണം, സി ടി സ്കാൻ, അൾട്രാ സൗണ്ട്, ആധുനിക ലാബ്, സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ്, മറ്റേർണിറ്റി സേവനങ്ങൾ, ട്രോമ കെയർ, സൂപ്പർ സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി, യൂറോളജി എന്നിവ ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാത്ത് ലാബ് സൗകര്യം ഘട്ടമായി ആരംഭിക്കുന്നതിനും ലഹരി മോചന കേന്ദ്രങ്ങൾ സേവനങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള ഭൂമിക കേന്ദ്രങ്ങളുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികളും കുട്ടികളിലെ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി ചികിത്സ നല്കുവാനുള്ള District Early Intervention Center കളുടെ സേവനം മെച്ചപ്പെടുത്തുന്നതിനും ക്യാൻസർ ചികിത്സ, പാലിയേറ്റീവ് കെയർ എന്നിവക്കായി കീമോതെറാപ്പി യൂണിറ്റുകൾ ആരംഭിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.പ്ലാൻ ഫണ്ട്, എം. എൽ.എ. ഫണ്ട്, സി.എസ്.ആർ.ഫണ്ട് തുടങ്ങിയവ ഉപയോഗിച്ച് Intensive

Care Unit കൾ ലഭ്യമല്ലാത്ത ജില്ലാ / താലൂക്ക് / ജനറൽ ആശുപത്രികളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഘട്ടം ഘട്ടമായി സ്വീകരിച്ചു വരുന്നു.

രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും പരാതികളും, നിർദേശങ്ങളും, അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനായി വാർഡുകൾ, ഒ.പി.കൾ, ലാബുകൾ, കൗണ്ടറുകൾ ഉൾപ്പെടെ രോഗികൾ എത്തുന്ന എല്ലാ സ്ഥലങ്ങളിലും പരാതി പുസ്തകങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ പരാതികൾ ലഭിക്കുകയാണെങ്കിൽ ടി പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ലഭിക്കുന്ന നിർദേശങ്ങളിലും അഭിപ്രായങ്ങളിലും പ്രായോഗികമായ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

തെരഞ്ഞെടുത്ത മെഡിക്കൽ കോളേജ് ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി, ഗൈനക്കോളജി ബ്ലോക്കുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും പ്ലാസ്റ്റിക് സർജറി വിഭാഗം, ഗ്യാസ്ട്രോളജി ഒ.പി, ഐ.പി സംവിധാനം എന്നിവ നിലവിൽ വന്നിട്ടുള്ളതുമാണ്.ലക്ഷ്യ പദ്ധതിയിലൂടെ ഗൈനക്കോളജി വിഭാഗത്തിന്റെ നവീകരണത്തിനായി പ്രവർത്തിക്കുകയും അതിലൂടെ respectful maternity സാധ്യമാക്കുകയും ചെയ്തിട്ടുണ്ട്.ട്രോമാ കെയർ യൂണിറ്റുകൾ, ക്രിട്ടിക്കൽ കെയർ യൂണിറ്റുകൾ, സ്ട്രോക്ക് ഐ.സി.യു, പീഡിയാട്രിക് വിഭാഗങ്ങളുടെ വിപുലീകരണം എന്നിവ നടപ്പാക്കിയിട്ടുണ്ട്. ത്വക്ക് രോഗ വിഭാഗത്തിൽ അതിനൂതനമായ ഫോട്ടോതെറാപ്പി, ലേസർ, ഇലക്ട്രോ സർജറി, റേഡിയോ ഫ്രീക്വൻസി, കെമിക്കൽ പീൽ എന്നീ ചികിത്സകൾ ലഭ്യമാക്കുന്നു.

**(സി)** പ്രസ്തുത ആശുപത്രികളിൽ ജനങ്ങൾക്ക് പരാതിയില്ലാത്ത വിധം ചികിത്സ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** സർക്കാർ ആശുപത്രികളിൽ ചികിത്സ തേടി എത്തുന്ന എല്ലാ രോഗികൾക്കും ലഭ്യമായ സൗകര്യങ്ങളുപയോഗിച്ച് പരമാവധി മികച്ച ചികിത്സയാണ് നൽകുന്നത്. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും പരാതികളും, നിർദേശങ്ങളും, അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനായി വാർഡുകൾ, ഒ.പി.കൾ, ലാബുകൾ, കൗണ്ടറുകൾ ഉൾപ്പെടെ രോഗികൾ എത്തുന്ന എല്ലാ സ്ഥലങ്ങളിലും പരാതി പുസ്തകങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ഈ രജിസ്റ്ററിൽ പരാതികൾ ലഭിക്കുകയാണെങ്കിൽ ടി പരാതികളിന്മേൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. ഇതോടൊപ്പം ലഭിക്കുന്ന നിർദേശങ്ങളിലും അഭിപ്രായങ്ങളിലും പ്രായോഗികമായവ പരിഗണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**